**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2806** **13-12-2022 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള ബസ് ബാറും കൺട്രോളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉബൈദുള്ള | | ശ്രീ. കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ബസ് ബാറും കൺട്രോളും സംബന്ധിച്ച് കേരളത്തിലെ എല്ലാ ഓഫീസുകളിലും കെ.എസ്.ഇ.ബി. ഒരേ നിയമം തന്നെയാണോ നടപ്പിലാക്കുന്നത്; പ്രസ്തുത വിഷയത്തിൽ കൃത്യമായ നിയമാവലിയുണ്ടോ; ഇല്ലെങ്കിൽ ഇത്തരം കാര്യങ്ങളിൽ തീരുമാനമെടുക്കാൻ ഉദ്യോഗസ്ഥർക്ക് വിവേചനാധികാരം നൽകുന്നത് ദുരുപയോഗം ചെയ്യാൻ സാധ്യതയുള്ളതിനാൽ ഈ അധികാരം ഒഴിവാക്കുമോ; വിശദാംശം നൽകുമോ; | (എ) | വൈദ്യുതി കണക്ഷൻ എടുക്കുന്നതിന് ബസ് ഡക്റ്റ് ബാധകമാണ് എന്ന് പ്രതിപാദിക്കുന്നത് കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 റെഗുലേഷൻ 11 (3) ആണ്. കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 ലെ റെഗുലേഷൻ 11 (3) പ്രകാരം മൾട്ടി സ്റ്റോറീഡ് ബിൽഡിംഗുകൾക്ക് അവരുടെ കണക്ടഡ് ലോഡ് 100 kVA ക്ക് മുകളിൽ വന്നാൽ ബസ് ഡക്റ്റ് / അനുയോജ്യമായ കേബിളുകൾ ഉപയോഗിച്ച് സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (measures relating to electricity and safety ) regulations 2010 പാലിച്ച് കൊണ്ട് സ്വന്തം ചെലവിൽ ആവശ്യമായ കപ്പാസിറ്റിയുള്ള ട്രാൻസ്ഫോർമറും അനുബന്ധ ഉപകരണങ്ങളും വെച്ച് ഇന്റേണൽ വയറിംഗുകൾ പൂർത്തീകരിച്ചാൽ വൈദ്യുതി കണക്ഷൻ നൽകാവുന്നതാണ്. ഈ നിയമം കേരളത്തിൽ എല്ലായിടത്തും ഒരു പോലെയാണ് നടപ്പാക്കുന്നത്. ഈ കാര്യങ്ങളിൽ തീരുമാനമെടുക്കുവാനുള്ള വിവേചനാധികാരം ഉദ്യോഗസ്ഥർക്ക് നൽകിയിട്ടില്ല.<br><br>CENTRAL ELECTRICITY AUTHORITY (MEASURES RELATING TO SAFETY AND ELECTRIC SUPPLY) REGULATIONS, 2010 റെഗുലേഷൻ 71 പ്രകാരം ഒരു പോസ്റ്റിൽ നിന്നും നൽകാവുന്ന സർവ്വീസ് കണക്ഷനുകളുടെ പരമാവധി എണ്ണം നാല് ആയി നിജപ്പെടുത്തിയിരിക്കുന്നു. ഒരു കെട്ടിടത്തിലേയ്ക്ക് ഒരു പോസ്റ്റിൽ നിന്നും നാലിൽ കൂടുതൽ കണക്ഷനുകൾ എടുക്കേണ്ടിവരുന്ന സാഹചര്യങ്ങളിൽ ആ കെട്ടിടത്തിന്റെ ആകെ കണക്ടഡ് ലോഡിനനുസൃതമായ ഒരു കേബിൾ മുഖേന, ടി കെട്ടിടത്തിൽ കെ.എസ്.ഇ.ബി.എൽ-നു ലോക്ക് ചെയ്ത് സീൽ ചെയ്യാൻ സാധിക്കുന്ന ബസ്-ബാറുകളോട് കൂടിയ LT-MV പാനലിലേയ്ക്ക് വൈദ്യുതി |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുകയും, ആയതിൽ നിന്നും ഓരോ ഉപഭോക്താവിനും ആവശ്യമായ കണക്ഷനുകൾ നൽകുകയും ചെയ്യേണ്ടതാണ്. |
| (ബി) | വൈദ്യുതി കണക്ഷൻ നൽകുമ്പോൾ ബസ് ബാറും കൺട്രോളും സ്ഥാപിക്കണോ വേണ്ടയോ എന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ വിവേചനാധികാരത്തിൽ വരുന്ന കാര്യമാണെങ്കിൽ ആയതിന്റെ സർക്കാർ ഉത്തരവോ, വകുപ്പ് തല ഉത്തരവോ, ബന്ധപ്പെട്ട റൂൾസിന്റെ പകർപ്പോ ലഭ്യമാക്കുമോ; വിശദീകരിക്കുമോ; | (ബി) | വൈദ്യുതി കണക്ഷൻ നൽകുമ്പോൾ ബസ് ബാറും കൺട്രോളും സ്ഥാപിക്കണോ വേണ്ടയോ എന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ വിവേചനാധികാരത്തിൽ വരുന്ന കാര്യമല്ല. |
| (സി) | ബസ് ബാറും കൺട്രോളും സംബന്ധിച്ച്, കടമുറി കെട്ടിടങ്ങൾക്കും, വാടക വീടുകൾക്കും ഒരേ നിയമമാണോ; വ്യക്തമാക്കുമോ? | (സി) | അതെ. ഒരേ നിയമമാണ്.<br><br>സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (measures relating to electricity and safety) regulations 2010 പാലിച്ച് കൊണ്ട് നിർമിച്ച കെട്ടിടങ്ങൾക്ക് കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 ലെ റഗുലേഷനുകൾക്ക് വിധേയമായാണ് വൈദ്യുതി കണക്ഷൻ നൽകുന്നത്. |

സെക്ഷൻ ഓഫീസർ